ഉത്തരം

(എ,ബി,സി,ഡി&ഇ) ജനകീയാസൂത്രണം മുഖേന സംസ്ഥാനത്ത് അധികമായി ഉല്പാദിപ്പിച്ച പച്ചക്കറികളെ സംബന്ധിച്ച വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല.

ഓയിൽപാം ലിമിറ്റഡിലെ മിനിമം വേജസ് കമ്മിറ്റി

140 (1195) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ മിനിമം വേജസ് കമ്മിറ്റി എന്നാണ് രൂപീകരിച്ചത്;

(ബി) കമ്മിറ്റിയുടെ ഘടന വ്യക്തമാക്കാമോ ;

(സി) ഈ കമ്മിറ്റിക്ക് ആവശ്യമായ സ്റ്റാഫിനെ നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) കമ്മിറ്റിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ മിനിമം വേജസ് എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 22-5-1995-ൽ

(ബി) ആറ് തൊഴിലാളി പ്രതിനിധികളെയും ആറ് തൊഴിലുമോ പ്രതിനിധികളെയും ഒരു സ്വതന്ത്ര അംഗത്തെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ലേബർ വകുപ്പിലെ ഒരു സീനിയർ സൂപ്രണ്ടിനെ കമ്മിറ്റിയുടെ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്റ്റാഫിന്റെ സേവനം ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ നിന്നും വർക്ക് അറേഞ്ച്മെന്റിൽ നൽകിയിട്ടുണ്ട്.

(ഡി) കമ്മിറ്റി ഇപ്പോൾ തൊഴിൽ ഉടമാ പ്രതിനിധികളിൽ നിന്നും തെളിവെടുപ്പു നടത്തി വരുന്നു.

(ഇ) കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതനുസരിച്ച് മിനിമം വേതനം നടപ്പാക്കുന്നതാണ്.

നാളികേര വികസന കോർപ്പറേഷൻ ലിക്വിഡേറ്റ് ചെയ്യാനുള്ള നടപടി

141 (1196) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരവികസന കോർപ്പറേഷൻ ലിക്വിഡേറ്റ് ചെയ്യാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly